1. KompoZer തുറക്കുന്നതെങ്ങനെ ?

   Applications → Internet → KompoZer എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്യുക

   അപ്പോൾ Tip of the Day എന്ന വിൻഡോ വരും അത് ക്ലോസ് ചെയ്യുക

2. KompoZer എന്ന സോഫ്റ്റ്‌വെയറിന്റെ ഉപയോഗമെഴുതുക

   Html ടാഗുകൾ നേരിട്ട് ഉപയോഗിക്കാതെ തന്നെ വെബ് പേജുകൾ നേരിട്ട് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയറാണ് KompoZer

3. KompoZer ൽ പേജിന് പശ്ചാത്തല നിറം നൽകുന്നതെങ്ങനെ ?

   Format → Page Colors and Background

   അപ്പോൾ Page Colors and Background എന്ന വിൻഡോ വരും . അതിൽ Use Custom എന്ന റേഡിയോ ബട്ടൺ സെലക്ട് ചെയ്യുക

   Background എന്നതിനു നേരെയുള്ള ടാബിൽ ക്ലിക്ക് ചെയ്യുക

   അപ്പോൾ Block Background Color എന്ന വിൻഡോ വരും

   അതിൽ അനുയോജ്യമായ നിറം സെലക്ട് ചെയ്ത് OK → OK

4. Html എഡിറ്ററുകൾക്ക് ഉദാഹരണങ്ങൾ എഴുതുക

   KompoZer , Quanta Plus

5. KompoZer ന്റെ പേജിൽ ചിത്രം ഉൾപ്പെടുത്തുന്നതെങ്ങനെ ?

   Insert → Image → അപ്പോൾ Image Properties എന്ന വിൻഡോ വരും . അതിൽ Image Location എന്നതിനു താഴെ Choose File എന്ന ഐക്കണിൽ ക്ലിക്ക് ചെയ്ത് അനുയോജ്യമായ ഇമേജ് സെലക്ട് ചെയ്യുക. Dont Use alternate text എന്ന റേഡിയോ ബട്ടൺ സെലക്ട് ചെയ്ത് ഒ കെ കൊടുക്കുക

6. പേജിൽ ഇൻസർട്ട് ചെയ്ത ചിത്രത്തിന്റെ വലുപ്പം ക്രമീകരിക്കുന്നതെങ്ങനെ ?

   ചിത്രം ഉൾപ്പെടുത്തിയതിനുശേഷം ആ ചിത്രത്തിൽ ക്ലിക്ക് ചെയ്ത് ചുറ്റുമുള്ള ചതുരത്തിൽ Click & Drag ചെയ്ത് വലുപ്പം ക്രമീകരിക്കാം

7. ഒരു പുതിയ പേജ് നിർമ്മിക്കുന്നതെങ്ങനെ ?

   File → New → A blank document → Create എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്യുക

8. പേജിൽ ടേബിൾ ഉൾപ്പെടുത്തുന്നതെങ്ങനെ ?

   Insert → Table അപ്പോൾ Insert Table എന്ന വിൻഡോ വരും . അതിൽ Precisely എന്ന ടാബ് സെലക്ട് ചെയ്ത് Rows , Columns എന്നിവയുടെ എണ്ണം നൽകി ഒ കെ ക്ലിക്ക് ചെയ്യുക

9. പേജിലെ സെല്ലിൽ പശ്ചാത്തല നിറം വ്യത്യാസപ്പെടുത്തുന്നതെങ്ങനെ ?

   നാം ഇൻസർട്ട് ചെയ്ത് ടേബിളിൽ ഡബ്ബിൾ ക്ലിക്ക് ചെയ്യുക .അപ്പോൾ Table Properties എന്ന വിൻഡോ വരും .അതിൽ Cell എന്ന ബട്ടൺ സെലക്ട് ചെയ്യുക . താഴെയായി Background color എന്നതിനു നേരെയുള്ള ടാബിൽ ക്ലിക്ക് ചെയ്യുക .അപ്പോൾ cell background color എന്ന വിൻഡോ വരും .അതിൽ അനുയോജ്യമായ കളർ സെലക്ട് ചെയ്ത് OK → OK ക്ലിക്ക് ചെയ്യുക

10. നാം ഇൻസർട്ട് ചെയ്ത പട്ടികയിലെ സെല്ലുകൾ ഒരുമിച്ച ചേർക്കുന്നതെങ്ങനെ ?

    യോജിപ്പിക്കേണ്ട സെല്ലുകൾ സെലക്ട് ചെയ്ത് Table → Join Selected Cells

11. നാം insert ചെയ്ത പട്ടികയിലെ വരകൾ പേജിൽ ദൃശ്യമാകാതിരിക്കാൻ എന്തുചെയ്യണം ?

ടേബിളിൽ ഡബ്ബിൾ ക്ലിക്ക് ചെയ്യുക .അപ്പോൾ Table Properties എന്ന വിൻഡോ വരും . അതിൽ Table എന്ന ടാബിൽ ക്ലിക്ക് ചെയ്യുക . പ്രസ്തുത ടാബിലെ Border , Spacing , Padding എന്നതിനു നേരെയുള്ള സെല്ലിലെ വിലകൾ പൂജ്യമാക്കുക ----> OK ക്ലിക്ക് ചെയ്യുക

12. പേജിൽ തലക്കെട്ട് ഉൾപ്പെടുത്തുന്നതെങ്ങനെ ?

പേജിൽ അക്ഷരങ്ങൾ ടൈപ്പ് ചെയ്ത ശേഷം ആവശ്യമായ ഫോർമാറ്റിംഗ് നടത്തുക

13. പേജിൽ Html ടാഗുകൾ ടൈപ്പ് ചെയ്ത് ക്രമീകരിക്കണമെങ്കിൽ എന്തുചെയ്യണം ?

KompoZer ൽ വെബ് പേജ് തയ്യാറാക്കുന്ന ജാലകത്തിൽ താഴെയുള്ള Source ടാബ് ക്ലിക്ക് ചെയ്ത ആവശ്യമായ മാറ്റങ്ങൾ വരുത്തുക

14. പേജിൽ ലിങ്ക് ചെയ്യുന്നതെങ്ങനെ ?

ആദ്യമായി ലിങ്ക് ചെയ്യേണ്ട Text സെലക്ട് ചെയ്യുക

Insert → Link അപ്പോൾ Link Properties എന്ന വിൻഡോ വരും . അതിൽ ഇടതു വശത്തുള്ള choose File എന്നതിൽ ക്ലിക്ക് ചെയ്ത ആവശ്യമായ ഫയൽ സെലക്ട് ചെയ്യുക

Target എന്നതിനു താഴെ

Link is to be opened എന്നതിനു ഇടതുവശത്തുള്ള കള്ളിയിൽ ടിക് മാർക്ക് കൊടുക്കുക .

അതിനു താഴെ In the same Windows , without Frame sets എന്നത് സെലക്ട് ചെയ്ത --> OK

15. Web പേജിൽ ചലച്ചിത്രം ( Video ) ചേർക്കുന്നതിനുള്ള എച്ച് ടി എം എൽ ടാഗ് എഴുതുക
<embed src=”folder name / file name with extention”>

16. Relative Path , Absolute Path എന്നിവയെക്കുറിച്ച് ഒരു ലഘുവിവരണമെഴുതുക

ഒരു വെബ് പേജിലേക്ക് ചിത്രം , ശബ്ദം , വീഡിയോ തുടങ്ങിയ ഫയലുകളെ ഉൾപ്പെടുത്തുമ്പോഴും അല്ലെങ്കിൽ ഏതെങ്കിലും ഒരു ഫയലിലേക്ക് വെബ് പേജിനെ ലിങ്കുചെയ്യുമ്പോഴും അവയെ രണ്ടു രീതിയിൽ ബന്ധിപ്പിക്കാം .

ഫയലിന്റെ പേരും അത് സൂക്ഷിച്ചിരിക്കുന്ന ഫോൾഡറിന്റെ പേരും , ഫയൽ സിസ്റ്റം മുതൽ പൂർണ്ണമായി ഉൾപ്പെടുത്തുന്നതാണ് ആ ഫയലിന്റെ Absolute Path . എന്നാൽ ഫോൾഡറിന്റെ പേരും ഫയലിന്റെ പേരും മാത്രമാണ് നൽകുന്നതെങ്കിൽ അത് Relative Path ആണ് .Relative path ആണ് ടാഗിനോടൊപ്പം നൽകുന്നതെങ്കിൽ സിസ്റ്റം മാറുമ്പോഴും സ്ഥാനം മാറുമ്പോഴും എല്ലാ ലിങ്കുകളും ശരിയായി പ്രവർത്തിക്കും

17. സെർവർ , ക്ലയന്റ് എന്നിവ എന്തെന്ന് വിശദമാക്കുക

ഒരേ സമയം പല പ്രോഗ്രാമുകളും വ്യത്യസ്ത ഉപയോക്താക്കൾക്ക് ഉപയോഗിക്കാൻ കഴിയുന്ന കമ്പ്യൂട്ടറുകളെ സെർവർ എന്നു വിളിക്കുന്നു . ഒരു പ്രത്യേക ഉപയോഗത്തിനായി ക്രമീകരിച്ചിരിക്കുന്ന ഒന്നിലധികം പ്രോസസ്സറുകളുള്ള ശക്തിയേറിയ കമ്പ്യൂട്ടർ ആയിരിക്കും ഇത് . ഇവിടെ വെബ് സൈറ്റ് തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്ന സിസ്റ്റത്തിനെ സെർവർ എന്നും സെർവർ സിസ്റ്റവുമായി ബന്ധിപ്പിച്ചിരിക്കുന്ന മറ്റ് കമ്പ്യൂട്ടറുകളെ ക്ലയന്റ് എന്നും പറയുന്നു . സെർവറിലെ റിസോഴ്സുകൾ ക്ലയന്റുകൾക്കും ഉപയോഗിക്കാം

18. സ്വതന്ത്രവും സൌജന്യവുമായ ഒരു വെബ് കണ്ടന്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയറിന്റെ പേരെഴുതുക
Drupal

19. Drupal ഉപയോഗിച്ച് ഒരു വെബ് സൈറ്റ് തയ്യാറാക്കുന്നതെങ്ങനെ ?

www.drupalgardens.com എന്ന് വെബ് ബ്രൌസറിൽ ടൈപ്പ് ചെയ്ത് ഡ്രൂപൽ കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ വെബ് സൈറ്റിലേക്ക് പ്രവേശിക്കുക .

Create a free site എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് തുടർന്ന് പ്രത്യക്ഷപ്പെടുന്ന ജാലകത്തിൽ വെബ് സൈറ്റിന് നൽകാൻ ഉദ്ദേശിക്കുന്ന URL ( വെബ് വിലാസം ) വെബ് സൈറ്റിൽ പ്രവേശിക്കുന്നതിനുള്ള User Name , Password നിങ്ങളുടെ email വിലാസം എന്നിവ നൽകുക

Continue ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ നിന്നും വെബ് സൈറ്റിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന സൌകര്യങ്ങൾ തിരഞ്ഞെടുക്കുക

Comments Mailing list , web forms , rotating banner , Media gallery തുടങ്ങിയ സേവനങ്ങളും FAQ , Forums , Blog ,Contact Us തുടങ്ങിയ പേജ് മാതൃകകളും ഇവിടെ ലഭ്യമാണ്

ഇതിൽ നിന്നും ON /OFF ബട്ടണിൽ ക്ലിക്ക് ചെയ്ത് Media gallery , Blog , Contact us , About എന്നീ സൌകര്യങ്ങൾ മാത്രം ഇപ്പോൾ ഇതിൽ ഉൾപ്പെടുത്താം

Create ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ആവശ്യപ്പെട്ട സൌകര്യങ്ങളോട്കൂടിയ വെബ് സൈറ്റ് തയ്യാറാക്കപ്പെടുന്നു

നോട്ട് : വെബ് രജിസ്ട്രേഷൻ സമയത്ത് നൽകിയ ഇ-മെയിൽ വിലാസത്തിന്റെ പരിശോധനക്കായി ഈ വിലാസത്തിലേക്കയച്ച മെയിലിന്റെ ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കണം

20. വെബ് സൈറ്റ് ആകർഷകമാക്കുന്നതെങ്ങനെ ?

വെബ് സൈറ്റിലേക്ക് ലോഗിൻ ചെയ്യുന്നതോടെ സൈറ്റിന്റെ മാറ്റം വരുത്തലിനും ഭംഗി വരുത്തലിനും ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ മെനുബാർ ദൃശ്യമാകും . ഈ മെനുബാറിൽനിന്നും ഭംഗി വരുത്തുന്നതിനുള്ള Appearance മെനു തിരഞ്ഞെടുക്കുക

ഇപ്പോൾ പോപ് അപ് ചെയ്തു വരുന്ന ചെറിയ ജാലകത്തിലെ Themes , Layout ,Brand ,Styles , Layout ടാബുകളിലൂടെ വെബ് സൈറ്റിന് ഭംഗി വരുത്താം

സ്വമേധയാ ( ഡിഫാൾട്ട് ) തയ്യാറാക്കപ്പെട്ട തീം വെബ് സൈറ്റിന് അനുയോജ്യമല്ലെങ്കിൽ വ്യത്യസ്ത ഘടനകളുള്ള നിരവധി തീമുകൾ ഇവിടെ ലഭ്യമാണ് .

Choose a new theme എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മറ്റൊരു തീം തെരഞ്ഞെടുക്കാം

Choose ബട്ടണിൽ ക്ലിക്ക് ചെയ്ത് പുതിയ തീമിന് പേർ നൽകി സൂക്ഷിക്കാവുന്നതാണ്

സൈറ്റിന്റെ തലക്കെട്ടിന്റെ നിറം മാറ്റുന്നതിനായി തലക്കെട്ടിൽ ക്ലിക്ക് ചെയ്യുക

സെലക്ട് ചെയ്ത ഭാഗത്തിന്റെ അതിർത്തി കാണിക്കുന്നതോടോപ്പം You are styling എന്ന സ്ഥലത്ത് The site-name in the header region എന്ന് സൂചിപ്പിക്കുകയും ചെയ്യും

ഇപ്പോൾ style ൽ വരുത്തുന്ന മാറ്റങ്ങൾ ഈ അതിരിനുള്ളിലെ ഘടകങ്ങളിൽ മാത്രമായിരിക്കും അനുഭവപ്പെടുക . ഇതുപോലെ മാറ്റം വരുത്തേണ്ട ഏതൊരു ഘടകത്തേയും തിരഞ്ഞെടുത്ത് ഭംഗിയാക്കാം .

വെബ് സൈറ്റിൽ വരുത്തുന്ന മാറ്റങ്ങൾ യഥാസമയം സേവ് ചെയ്യപ്പെടുന്നുണ്ട് എങ്കിലും Publish ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതുവരെ മാത്രമേ ഈ മാറ്റങ്ങൾ നമുക്ക് ലഭ്യമാക്കുകയുള്ളൂ . ആയതിനാൽ

മാറ്റങ്ങൾ മറ്റു സന്ദർശകർക്ക് കാണുവാൻ സാധിക്കുന്നതിനായി Publish ബട്ടണിൽ ക്ലിക്ക് ചെയ്യുക

21. WCMS എന്നതിന്റെ പൂർണ്ണരൂപമെഴുതുക

വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം

22. വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റത്തെക്കുറിച്ച് ഒരു ലഘുവിവരണമെഴുതുക

വെബ് സംവിധാനത്തിൽ വെബ്സൈറ്റ് നിർമ്മാണം , പങ്കുവെക്കലുകൾ , നിരീക്ഷണങ്ങൾ , നിയന്ത്രണങ്ങൾ എന്നിവക്ക് സഹായകമായ സോഫ്റ്റ്‌വെയറുകളാണ് വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം . മനോഹരമായ വെബ് സൈറ്റ് ഒരുക്കുന്നതിനും വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും ഇതിൽ അനായാസം സാധിക്കുന്നു . നമ്മുടെ കമ്പ്യൂട്ടറിലാണ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്നത് . അതിനാൽ തന്നെ പൂർണ്ണ സ്വാതന്ത്ര്യത്തോടെ അനുയോജ്യമായ വെബ്സൈറ്റുകൾ സ്വന്തം കമ്പ്യൂട്ടറിൽ തയ്യാറാക്കാം

ചില വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റങ്ങൾ അവരുടെ സെർവറിൽ തന്നെ വെബ് സൈറ്റുകൾ തയ്യാറാക്കാൻ അവസരം നൽകുന്നുണ്ട്

23. പ്രധാനപ്പെട്ട വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റങ്ങൾക്ക് ഉദാഹരണമെഴുതുക

വേഡ്പ്രസ് , ജൂംല , ഡ്രൂപൽ , ലൈറ്റ് സി എം എസ്

24. ചില വെബ് കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റങ്ങൾ അവരുടെ സെർവറിൽ തന്നെ വെബ് സൈറ്റുകൾ തയ്യാറാക്കാൻ അവസരം നൽകുന്നുണ്ട് . അത്തരം സൈറ്റുകളുടെ വെബ് വിലാസം എഴുതുക

www.drupalgardens.com , www.lightcms.com ,www.wordpress.com
http://sites.google.com

25. കണ്ടന്റ് ബ്ലോക്കുകളെക്കുറിച്ച് ഒരു ലഘുവിവരണമെഴുതുക

ഒരു വെബ് പേജിൽ ഉൾപ്പെടുത്തിയ വ്യത്യസ്ത തരം വിവരങ്ങളെ ബ്ലോക്കുകളായി തിരിച്ചിരിക്കുന്നു . Main Menu , site logo , Site name , Main banner , Main page content , Search form തുടങ്ങിയവ ഓരോന്നും വ്യത്യസ്ത ബ്ലോക്കുകളാണ് . പുതിയ ബ്ലോക്കുകൾ നിർമ്മിക്കുകയും ചെയ്യാം . ഒരു ബ്ലോക്കിന്റെ സ്ഥാനം പേജ് ലേ ഔട്ടിൽ എവിടെ വേണമെങ്കിലും നിശ്ചയിക്കാം . Navigation Block ന്റെ സ്ഥാനം ( എല്ലാ പേജുകളിലേക്കുമുള്ള ലിങ്ക് ) Sidebar ലോ Pre header ലോ മാറ്റി സ്ഥാപിക്കാം

26. WYSIWYG എന്നതിന്റെ പൂർണ്ണ രൂപമെഴുതുക

What You See is What You Get

27. വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനായി WYSIWYG editor ലുള്ള രണ്ട് എഡിറ്ററുകൾ ഏവ ?

എച്ച് ടി എം എൽ എഡിറ്റർ , WYSIWYG editor

28. WYSIWYG editor ചിത്രങ്ങൾ ഉൾപ്പെടുത്തുന്നതെങ്ങനെ ?

മെനുബാറിലെ Add Media ക്ലിക്ക് ചെയ്ത് ചിത്രങ്ങൾ ഉൾപ്പെടുത്താം

29. WYSIWYG editor ൽ പുതിയ പേജ് നിർമ്മിക്കുന്നതെങ്ങനെ ?

Content → Add Content → Basic Page എന്നിങ്ങനെ ക്ലിക്ക് ചെയ്ത് പുതിയ പേജ് നിർമ്മിക്കാം

30. സാധാരണ ഉപയോഗിക്കുന്ന എച്ച് ടി എം എൽ ടാഗുകളും അവയുടെ ഉപയോഗങ്ങളും ഉദാഹരണ സഹിതം എഴുതുക

| ടാഗ് | ഉപയോഗം | ഉദാഹരണം |
|---|---|---|
| <h1> </h1><br><h2> </h2><br><h3> </h3><br>…...............<br>…..............<br></h6> </h6> | വിവിധ വലുപ്പത്തിലുള്ള തലക്കെട്ടുകൾ തയ്യാറാക്കുന്നതിന് | <h1> My School </h1><br><hh2>My School </h2><br><h3> My School </h3><br><h6> My School <h6> |
| <p> </p> | പാരഗ്രാഫ് തിരിക്കുന്നതിന് | <p> My School is located …..................................</p> |
| <a href> </a> | വെബ് പേജുകൾ , വെബ് സൈറ്റുകൾ തുടങ്ങിയവ ഹൈപ്പർ ലിങ്ക് ചെയ്യുന്നതിന് | <a href = "http://www.itschol.gov.in"><br>It@School </a> |
| <img src/> | വെബ് പേജിൽ ചിത്രം ഉൾപ്പെടുത്തുന്നതിന് | <img src="school.jpg" width="100" height="75"/> |
| <body> </body> | Web page ന്റെ ഉള്ളടക്കം ക്രമീകരിക്കുന്നതിന് | <body>വെബ് പേജിൽ ഉൾപ്പെടുത്തുന്ന ഉള്ളടക്കം ഈ ടാഗിനുള്ളിൽ വരണം </body> |
| <br> | പുതിയ വരി തുടങ്ങുന്നതിന് | <br> my school <br> |
| <b> | അക്ഷരങ്ങൾ Bold ആക്കുന്നതിന് | <b>my school </b> |
| <i> | അക്ഷരങ്ങൾ ചരിച്ച് എഴുതുന്നതിന് | <i> my school </i> |
| <u> | അക്ഷരങ്ങൾ അടിവരയിടുന്നതിന് | <u> my school</u |
| <font><br><br></font> | അക്ഷര വലിപ്പം , നിറം തുടങ്ങിയവ ക്രമീകരിക്കുന്നതിന് | <font size="10" color="red"><br>my school<br></font> |
| <head> <title><br></title><br></head> | വെബ് പേജിന് തൽക്കെട്ട് നൽകുന്നതിന് | <head><title><br>GHS Thrissur<br></title><br></head> |
| <table><br><tr><br><br><td></td><br><td></td><br></tr><br></table> | ടേബിൾ തുടങ്ങുന്നതിന്<br>ടേബിളിൽ പുതിയ വരി തുടങ്ങുന്നതിന്<br><br>ടേബിളിൽ പുതിയ കോളം തയ്യാറാക്കുന്നതിന് | <table border="1"><br><tr><br><td> </td><br><td> </td><br></tr><br></table> |
| <marquee><br></marquee> | അക്ഷരങ്ങൾ ചിത്രങ്ങൾ എന്നിവ ചലിപ്പിക്കുന്നതിന് | <marquee> my school<br></marquee> |
| <embed src = "folder name/file name with extension "> | ചലച്ചിത്രം വെബ് പേജിൽ പ്രദർശിപ്പിക്കുന്നതിന് | <embed src= "videos /danceflv " |